publish in website 18/5

# ആലപ്പുഴ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ആർ. ഗിരിജ. I.A.S)

DMC.4-24343/2016 തീയതി: 13 /05/2016

വിഷയം:- കടുത്ത വേനൽ -9,10 മുതലുള്ള ക്ലാസുകൾ നടത്തുന്നതിന് വ്യവസ്ഥകളോടെ ഇളവനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

വായന:- ഈ കാര്യാലയത്തിലെ 01.05.2016, 10.05.2016 തീയതികളിലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

സംസ്ഥാനത്ത് ശക്തമായ വേനൽ തുടരുന്ന സാഹചര്യത്തിൽ 21.05.2016 വരെ സ്കൂളുകളിൽ അവധിക്കാല ക്ലാസ്സുകൾ നടത്തരുതെന്ന് വായന (1) പ്രകാരം ഉത്തരവായിരുന്നതാണ്. ജില്ലയിലെ വിവിധ സ്കൂളുകളിൽ 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 17/05/2016 മുതൽ ക്ലാസ്സുകൾ നടത്തുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് രക്ഷകർത്താക്കളുടെയും വിവിധ സ്കൂൾ അധികൃതരുടെയും അഭ്യർത്ഥനകൾ ഫോണിലൂടെയും മറ്റും നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്നു.

മേൽസാഹചര്യത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ ജില്ലയിലെ സ്കൂളുകളിലെ 9, 10 മുതലുള്ള ക്ലാസ്സുകൾ 17/05/2016 മുതൽ ആവശ്യമെങ്കിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിലേയ്ക്ക് വായന ഉത്തരവിൽ ഇളവ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. അവധിക്കാല ക്ലാസുകൾ നടത്തുന്ന സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് സൂര്യതാപമേൽക്കാനിടയാകാത്തവിധം ക്ലാസ്സുകളുടെ സമയം ക്രമീകരിക്കേണ്ടതാണ്.
2. തണുപ്പുള്ളതും ആവശ്യത്തിന് വായു സഞ്ചാരമുള്ളതുമായ ക്ലാസ്സ് റൂമുകൾ വേണം ക്ലാസ്സ് നടത്തുവാൻ തെരഞ്ഞെടുക്കേണ്ടത്.
3. ആവശ്യമായ ഫാനുകൾ ക്ലാസ്സുകളിൽ സ്ഥാപിക്കേണ്ടതാണ്.
4. നിയന്ത്രിത സമയത്ത് കുട്ടികളെ സൂര്യതാപമേൽക്കാനിടയുള്ള തുറന്ന സ്ഥലങ്ങളിൽ കളിക്കുവാൻ അനുവദിക്കരുത്.

ജില്ലാ കളക്ടർ.

1. ജില്ലാ പോലീസ് മേധാവി, ആലപ്പുഴ
2. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
4. ഡയറക്ടർ,കോളേജിയേറ്റ് എഡ്യുക്കേഷൻ
5. പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ, ആലപ്പുഴ
6. അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യു & ദുരന്തനിവാരണം (ആമുഖകത്ത് സഹിതം)
7. ഡയറക്ടർ, പൊതുവിദ്യാഭ്യാസം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
8. മെമ്പർ സെക്രട്ടറി, SDMA (ആമുഖകത്ത് സഹിതം)